# എൽ. എസ് എസ് സ്ക്രീനിങ് ടെസ്റ്റ് 2025
## paper II

**പരിസര പഠനം** Marks:20

1.സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനവും ഭാഷയും നൃത്തരൂപവും അടങ്ങിയ ഒരു പട്ടിക മനുവിന്റെ ക്ലാസിൽടീച്ചർ തൂക്കിയിട്ടിരുന്നു .പക്ഷേ അതിൽ ചിലതെല്ലാം മാഞ്ഞുപോയി പട്ടിക പൂർത്തിയാക്കു '

a)

| സംസ്ഥാനം | തലസ്ഥാനം | നൃത്തരൂപം | ഭാഷ |
|---|---|---|---|
| കേരളം | തിരുവനന്തപുരം | മോഹിനിയാട്ടം | മലയാളം |
| | അമരാവതി | | തെലുങ്ക് |
| മഹാരാഷ്ട്ര | | | മറാത്തി |
| കർണാടക | ബംഗ്ലൂരു | | |

**b)** താഴെപ്പറയുന്നവയിൽ അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന സംസ്ഥാനമല്ലാത്തത് ഏത്?

**a)** തമിഴ്നാട് **b)** കേരളം

**c)** മഹാരാഷ്ട്ര **d)** ആന്ധ്രാപ്രദേശ്

**C)** ശരിയായ പ്രസ്താവന അല്ലാത്തത് ഏത്?

**1.**പഞ്ചാബിന്റെയും ഹരിയാനയുടെയും തലസ്ഥാനമാണ് ഛത്തീസ്ഗഡ് .

**2.**ഗോവയുടെ ഭാഷ കൊങ്കിണിയാണ്.

**3.**ഇന്ത്യയുടെ ഏറ്റവും ചെറിയ അയൽ രാജ്യമാണ് ഭൂട്ടാൻ.

**4.** ഇന്ത്യ ഏറ്റവും കൂടുതൽ അതിർത്തി പങ്കിടുന്ന രാജ്യം ചൈനയാണ്.

| | |
|---|---|
| **a) 1, 2** | **b) 2,4** |
| **c) 3, 2** | **d) 1,4** |

**2. a)** താഴെ തന്നിരിക്കുന്ന അനുകൂലനങ്ങൾ ഏതിൻ്റേതെല്ലാം ആണെന്ന് കണ്ടെത്തി തരംതിരിച്ച് പട്ടികപ്പെടുത്തുക.

*ഇലയിലും തണ്ടിലും വായു അറകൾ ഉണ്ട്.

*തണ്ടുകൾ കട്ടിയുള്ളതും പച്ച നിറമുള്ളതും ജലം സംഭരിച്ചുവെക്കാൻ കഴിവുള്ളവയും ആയിരിക്കും.

*തണ്ടുകളിൽ മെഴുകുപോലുള്ള ആവരണം ഉണ്ട്.

*ഇലകളിൽ മെഴുകുപോലുള്ള ആവരണം ഉണ്ട്.

| | |
|---|---|
| | |
| | |

| | |
|---|---|
| | |

**b)** മത്സ്യങ്ങളുടെ ശ്വസന അവയവം ഏത്?

**a)** ശൽക്കങ്ങൾ **b)** ശകുലങ്ങൾ

**c)** ചെകിള മൂടി **d)** വാൽച്ചിറക്

**c)** കംഗാരു എലിയുടെ വാസസ്ഥലം ഏത്?

**d)** താഴെപ്പറയുന്നവയിൽ മത്സ്യത്തിന്റെ അനുകൂലനങ്ങൾ ഏത് ?

**1.**വെള്ളത്തിലാണെങ്കിലും ചീഞ്ഞു പോകുന്നില്ല.

**2.**രണ്ടറ്റവും കൂട്ടുതൽ തോണിയുടേത് പോലുള്ള ആകൃതി.

**3.**വെള്ളത്തിൽ ത്വക്കിലൂടെ ശ്വസിക്കുന്നു.

**4.**വാൽച്ചിറകുകൾ ദിശമാറ്റാൻ സഹായിക്കുന്നു.

**a)** 1, 2 **b )** 3, 4

**c)** 1,4 **d)** 2, 4.

**3.**മരുഭൂമിയിൽ വളരുന്ന സസ്യങ്ങൾ അറിയപ്പെടുന്ന പേരെന്ത്?

**4.**പ്രകൃതിദത്ത ആവാസവ്യവസ്ഥകളെ അനുകരിക്കുന്നതും ഇടതൂർന്നതും വേഗത്തിൽ വളരുന്നതുമായ നഗര വനങ്ങളാണ്.......

**5.**ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കുന്നതിനു സഹായകമായ ചില ശാരീരിക സവിശേഷതകൾ ഉണ്ടായിരിക്കും അതാണ്...............എന്നറിയപ്പെടുന്നത്.

**6.**താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

**a)** പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് വായുമലിനീകരണത്തിന് കാരണമാകുന്നു.

**b)** വായുമലിനീകരണം മൂലമാണ് അമ്ലമഴ ഉണ്ടാവുന്നത്.

**c)** കാട്ടുതീയിൽ നിന്നുള്ള പുകവായുവിനെ മലിനമാക്കുന്നു.

**7.**ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ താഴെ പറയുന്ന ഏതാണ് ആദ്യം നടന്ന ചരിത്ര സംഭവം ?

**a)** ജാലിയൻവാലാബാഗ്

**b)** ക്വിറ്റ് ഇന്ത്യ

**c)** ഉപ്പുസത്യാഗ്രഹം

**d)** ചമ്പാരൻ സത്യാഗ്രഹം

**8.**താഴെ പറയുന്നതിൽ പ്രകൃതിദത്ത ആവാസവ്യവസ്ഥയിൽ പെടാത്തത് ഏത്?

**a)** കുളം **b)** അക്വേറിയം **c)** വയൽ **d)** വനം

**9.**താഴെ പറയുന്നതിൽ വായു മലിനീകരണം കൊണ്ടുള്ള ദോഷത്തിന് ഉദാഹരണം.

**a)** സുനാമി **b)** കൊടുങ്കാറ്റ്

**C)** ആഗോള താപനം **d)** ഉരുൾപൊട്ടൽ

**10.**താഴെ തന്നിട്ടുള്ള കരയിലും ജലത്തിലും ജീവിക്കുന്ന ജീവികളുടെ കൂട്ടത്തിൽ പെടുന്നവ ഏതാണ് ?

**a)** മത്സ്യം, വാൽമാക്രി, ചിലന്തി

**b)** തവള, അണ്ണാൻ, മത്സ്യം

**c)** തവള, ഞണ്ട്, ഒച്ച്

**d)** ഞണ്ട് , മരയോന്ത് ,കിളികൾ

**11.**താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവനകൾ ശരിയാക്കി എഴുതുക.

**1 .**കേരള ഗാന്ധി എന്നറിയപ്പെടുന്നത് ടി.കെ മാധവനാണ്.

**2.** നേതാജി എന്ന പേരിൽ അറിയപ്പെടുന്നത് സുഭാഷ് ചന്ദ്രബോസാണ്.

**3.** ഭരണഘടനാ ശിൽപി സർദാർ വല്ലഭായ് പട്ടേൽ ആണ്.

**4.** മധ്യപ്രദേശിൻ്റെ തലസ്ഥാനമാണ് ഡറാഡൂൺ

ഗണിതം Marks:20

**1.** മീനുവിന്റെ പൂന്തോട്ടത്തിൽ നിറയെ പൂക്കൾ ഉണ്ട്. മീനു പൂന്തോട്ടത്തിന് ചുറ്റും വേലി കെട്ടി. ആ വേലി ക്ക് 3 മീറ്റർ നീളമുള്ള രണ്ടുവശങ്ങളും 4 മീറ്റർ നീളമുള്ള രണ്ടു വശങ്ങളും ഉണ്ട്. ഈ വേലി കളെല്ലാം ചുവന്ന കയറുകൊണ്ട് ഭംഗിയായി അലങ്കരിക്കണം. എങ്കിൽ എത്ര മീറ്റർ ചുവന്ന കയർ വേണ്ടി വരും?

**2.** താഴെ നൽകിയിരിക്കുന്നവയിൽ ഒറ്റപ്പെട്ടത് കണ്ടെത്തുക.

**a)** വശത്തിന്റെ നീളം 7 വീതം.

**b)** ഓരോ വശ വും മൂന്നു വീതം.

**c)** 9,9,9,9

**d)** 4,8,4,8

**3.** പ്രസ്താവന വായിക്കുക. തെറ്റായത് കണ്ടെത്തുക.

a) ചതുരത്തിന് നാലു വശങ്ങളുണ്ട്.

b) ചതുരത്തിന്റെ എതിർവശങ്ങൾ തുല്യമാണ്.

c) ചതുരത്തിന്റെ എതിർവശങ്ങൾ ഒരേ അകലത്തിലാണ്.

d) ചതുരത്തിന്റെ എല്ലാ വശങ്ങളും വ്യത്യസ്തമാണ്.

4. പാറ്റേൺ പൂർത്തിയാക്കുക.

a) 2221,3332,4443,............ , .........................

b) 9400,9300,9200,........... , ........................

5. 1,2,3,4, എന്നീ അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ നാലക്ക സംഖ്യയും ഏറ്റവും ചെറിയ നാലക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

6. 10000 വു മായി ബന്ധപ്പെട്ട തെറ്റായത് ഏത്?

a) 10 ആയിരം ചേർന്നത്.

b) 20 അഞ്ഞൂറു കൾ ചേർന്നത്.

c) 100 നൂറു കൾ ചേർന്നത്.

d) 500 പത്തുകൾ ചേർന്നത്.

7. മീനു വീട്ടിലേക്കുള്ള അടുക്കള സാധനങ്ങൾ വാങ്ങാൻ കടയിൽ പോയി. അവൾ വാങ്ങിയ സാധനങ്ങളാണ് ചുവടെ കൊടുക്കുന്നത്.

മിക്സി-**1400** രൂപ

ഫ്രിഡ്ജ് -**6700** രൂപ

ഗ്യാസ് സ്റ്റോവ് -**1700** രൂപ.

**a)** ആകെ എത്ര രൂപ ചെലവായി?

**b)** മീനുവിനോടൊപ്പം പോയ ഗോപു ഒരു ഡിന്നർ സെറ്റ് വാങ്ങി. ആകെ ആയിരം രൂപ കൊടുത്തു. താഴെ കൊടുത്തിരിക്കുന്നവയിൽ ആയിരം ആകുന്ന തുകകളുടെ ജോഡി തെരഞ്ഞെടുക്കുക.

**a)** **457+557**

**b)** **320+480**

**c)** **525+475**

**d)** **600+300**

**C)** അവർ ഒരു ബംബർ സമ്മാനം എന്ന മത്സരം കണ്ടു അത് വിജയിക്കണമെങ്കിൽ സൂചനയിൽ തന്നിരിക്കുന്ന സംഖ്യ കണ്ടുപിടിക്കണം ഏതാണ് ആ സംഖ്യ?

<u>സൂചന</u>

* സംഖ്യ **3000** ത്തിനും **4000** നും ഇടയിലാണ്.

* അവസാന അക്കം ആദ്യത്തെ അക്കത്തിന്റെ ഇരട്ടിയാണ്.

* ആദ്യത്തെ അക്കം+ അവസാന അക്കം = മൂന്നാമത്തെ അക്കം.

* രണ്ടാമത്തെയും അവസാനത്തെയും അക്കം ഒന്നുതന്നെയാണ്.

**8.** 1000 മുതൽ 1200 വരെ എത്ര സംഖ്യകൾ ഉണ്ട്?

**9.** ഒരു ചതുര കടലാസിന്റെ ഒരു മൂല മുറിച്ച് കളഞ്ഞു ഇപ്പോൾ കടലാസിന് എത്ര മൂലകളുണ്ട്